പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1965 *16.06.2014*-ൽ മറുപടിക്ക്

ചാരുംമൂട് കേന്ദ്രമാക്കി ബസ് ടെർമിനൽ

ചോദ്യം | ഉത്തരം

ശ്രീ. ആർ. രാജേഷ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഒരു ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനാവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ ; ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനാവശ്യാമയ സ്ഥലവും കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മറ്റോ ഒരുക്കി തന്നാലും തുടർ പ്രവർത്തന ചിലവുകൾക്ക് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി ചിലവാക്കേണ്ടി വരുമെന്നാണ് കണക്കാക്കിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ബാദ്ധ്യതകളൊന്നുംതന്നെ ഏറ്റെടുക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ചാരുംമൂട് കേന്ദ്രമാക്കി ഒരു ബസ് ടെർമിനൽ വേണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, പളനി മേഖലകളിലേക്ക് ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമേ ? | (ബി) | തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥയില്ലാത്തതിനാൽ ആവശ്യപ്പെട്ട സർവ്വീസുകൾ ഇപ്പോൾ ആരംഭിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ